## F.A.Q.

## കുടുംബശ്രീ സംഘടന

1. കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിന്റെ അടിസ്ഥാന ഘടകം ഏതാണ്?

*ഉത്തരം: അയൽക്കൂട്ടം*

2. കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിന്റെ മധ്യതലം ഏതാണ്?

*ഉത്തരം: എ.ഡി.എസ്. (ഏരിയ ഡവലപ്മെന്റ് സൊസൈറ്റി)*

3. കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിന്റെ മുകൾത്തട്ട് – അപ്പക്സ് സംഘം ഏതാണ്?

*ഉത്തരം: സി.ഡി.എസ്. (കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് സൊസൈറ്റി)*

4. എ.ഡി.എസ്. രൂപീകരിക്കുന്നതിനു എത്ര അയൽക്കൂട്ടങ്ങൾ മിനിമം ഉണ്ടാകണം?

*ഉത്തരം: ഒറ്റ അയൽക്കൂട്ടം മാത്രം ഉണ്ടെങ്കിലും എ.ഡി.എസ്. ഉണ്ടാകും. പുതുതായി മറ്റൊരു അയൽക്കൂട്ടം ഉണ്ടാകുന്നതുവരെ ആദ്യ അയൽക്കൂട്ടത്തിലെ അഞ്ച് ഭാരവാഹികൾ താൽക്കാലിക എ.ഡി.എസ്. ആയി പ്രവർത്തിക്കും.*

5. ഒരു തദ്ദേശഭരണ പ്രദേശത്ത് എത്ര സി.ഡി.എസ്. രൂപീകരിക്കാം?

*ഉത്തരം: ഒന്നോ അതിൽ കൂടുതലോ ആകാം. വാർഡുകളുടെ എണ്ണത്തിനനുസരിച്ചാണ് സി.ഡി.എസിന്റെ എണ്ണം തീരുമാനിക്കുന്നത്. മുപ്പതോ അതിൽ കൂടുതലോ എ.ഡി.എസുകൾ ഉണ്ടായാൽ ആ സി.ഡി.എസ്. വിഭജിക്കണം.*

6. അയൽക്കൂട്ട അംഗമാകുന്നതിനുള്ള പ്രായ പരിധി എത്രയാണ്?

*ഉത്തരം: പതിനെട്ട് വയസ്സ്*

7. ഒരു അയൽക്കൂട്ടത്തിൽ എത്ര അംഗങ്ങൾ വരെയാകാം?

*ഉത്തരം: 10–20 വരെ*

8. അയൽക്കൂട്ടത്തിലെ അംഗത്വ അവകാശം ആർക്കാണ്?

*ഉത്തരം: ഒരു കുടുംബത്തിലെ ഒരു വനിതക്ക്*

9. ഒന്നിലധികം വാർഡിലുള്ളവർ ഒരു അയൽക്കൂട്ടത്തിൽ വന്നാൽ ആ അയൽക്കൂട്ടം ഏത് എ.ഡി.എസ്സിൽ അഫിലിയേറ്റു ചെയ്യണം?

*ഉത്തരം: ഏതു വാർഡിൽ നിന്നാണോ അംഗസംഖ്യ കൂടിയത് ആ വാർഡിൽ*

10. ഒരു വനിതാ അയൽക്കൂട്ടം സി.ഡി.എസ്സിൽ നേടുന്ന സംഘാംഗത്വമാണ് ------ ?

*ഉത്തരം: അഫിലിയേഷൻ*

11. കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിന്റെ വർഷം കണക്കാക്കുന്നത് എന്നു മുതൽ എന്നു വരെയാണ്?

*ഉത്തരം: ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെ*

12. അയൽക്കൂട്ടങ്ങൾ അഫിലിയേഷൻ പുതുക്കേണ്ടത് എപ്പോഴാണ്?

*ഉത്തരം: ഏപ്രിൽ 30 ന മുൻപ്*

13. അയൽക്കൂട്ട അംഗത്വം സ്വയമേവ നഷ്ടപ്പെടുന്നത് എപ്പോഴാണ്?

*ഉത്തരം: തക്കതായ കാരണങ്ങളാൽ അല്ലാതെ തുടർച്ചയായി ആറ് മാസക്കാലയളവിൽ അയൽക്കൂട്ടത്തിൽ ഹാജരാകാത്ത അംഗത്തിന്*

14. അയൽക്കൂട്ടത്തിന്റെ അഞ്ചംഗ ഭാരവാഹികൾ ആരെല്ലാം?

*ഉത്തരം:*
1. *പ്രസിഡന്റ്*
2. *സെക്രട്ടറി*
3. *വരുമാനദായക വോളന്റിയർ*
4. *ആരോഗ്യ വിദ്യാഭ്യാസ വോളന്റിയർ*
5. *അടിസ്ഥാന സൗകര്യ വോളന്റിയർ*

15. കുടുംബശ്രീ പ്രവർത്തനങ്ങളെ തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുന്ന കമ്മറ്റി ഏതാണ്?

*ഉത്തരം: വിലയിരുത്തൽ സമിതി*

16. വിലയിരുത്തൽ സമിതിയുടെ അധ്യക്ഷൻ/അധ്യക്ഷ ആരാണ്?

*ഉത്തരം: തദ്ദേശ ഭരണ സ്ഥാപന അധ്യക്ഷൻ/അധ്യക്ഷ*

17. സി.ഡി.എസ്. സെക്രട്ടറി ആരാണ്?

*ഉത്തരം: തദ്ദേശഭരണ സ്ഥാപനം നിശ്ചയിക്കുന്ന ഉദ്യോഗസ്ഥൻ. മെമ്പർ സെക്രട്ടറിയാണ് ഉള്ളത്. സർക്കാർ ഉത്തരവു പ്രകാരം ഗ്രാമ സി ഡി എസ്സുകളിൽ പഞ്ചായത്ത് അസി.സെക്രട്ടറിമാരാണ് നിലവിൽ മെമ്പർ സെക്രട്ടറിമാരായി സേവനമനുഷ്ഠിക്കുന്നത്.*

18. കുടുംബശ്രീ ത്രിതല സംഘടനാ തിരഞ്ഞെടുപ്പ് എത്ര വർഷം കൂടുമ്പോഴാണ് നടത്തുന്നത്?

*ഉത്തരം: മൂന്നു വർഷം*

19. കുടുംബശ്രീ ത്രിതല സംഘടനാ തിരഞ്ഞെടുപ്പിന്റെ ചുമതല ആർക്കാണ്?

*ഉത്തരം: കളക്ടർ ചുമതലപ്പെടുത്തുന്ന ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്*

20. അയൽക്കൂട്ട പ്രസിഡന്റ് സെക്രട്ടറി എന്നിവരിൽ ഒരാൾ ഏതു വിഭാഗത്തെ പ്രതിനിധീകരിക്കണം?

***ഉത്തരം: ബി.പി.എൽ. (എ.ഡി.എസ്. പ്രസിഡന്റ്, സെക്രട്ടറി എന്നിവരിൽ ഒരാളും സി.ഡി.എസ്. ചെയർപേഴ്സൻ, വൈസ് ചെയർപേഴ്സൻ എന്നിവരിൽ ഒരാളും)***

21. എൻ.എച്ച്.ജി. പ്രസിഡന്റ്, സെക്രട്ടറി, എ.ഡി.എസ്. ചെയർപേഴ്സൻ, വൈസ് ചെയർപേഴ്സൻ, സി.ഡി.എസ്. വൈസ് ചെയർപേഴ്സൻ എന്നീ സ്ഥാനങ്ങളിലേക്ക് തുടർച്ചയായി എത്ര തവണ ഒരു വ്യക്തിക്ക് തിരഞ്ഞെടുക്കപ്പെടാൻ അർഹതയുണ്ട്?

***ഉത്തരം: മൂന്നു തവണ***

22. കുടുംബശ്രീ ത്രിതല സംഘടാ തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ വേണ്ട കുറഞ്ഞ പ്രായപരിധി എത്രയാണ്?

***ഉത്തരം: ഭരണാധികാരം ഏൽക്കുന്ന ജനുവരി 26 ന് 21 വയസ്സോ അതിനു മുകളിലോ പ്രായപരിധി ഉള്ളവർക്കേ മത്സരിക്കാൻ കഴിയൂ***

23. സി.ഡി.എസ്. ചെയർപേഴ്സൻ സ്ഥാനത്തേക്ക് ഒരാൾക്ക് എത്ര തവണ തുടർച്ചയായി തിരഞ്ഞെടുക്കപ്പെടാം?

***ഉത്തരം: രണ്ട് തവണ (എസ്.സി./എസ്.ടി. അംഗങ്ങൾക്ക് നിബന്ധന ഇല്ല)***

24. എ.ഡി.എസ്. ഭാരവാഹി സ്ഥാനങ്ങൾ ഏതെല്ലാമാണ്?

***ഉത്തരം: എ.ഡി.എസ്. ചെയർപേഴ്സൻ, എ.ഡി.എസ്. വൈസ് ചെയർപേഴ്സൻ, എ.ഡി.എസ്. സെക്രട്ടറി***

25. ജനപ്രതിനിധികൾ, ആശാവർക്കർ, അംഗനവാടി ജീവനക്കാർ എന്നിവർക്ക് സി.ഡി.എസ്. ചെയർപേഴ്സൻ ആകുന്നതിനു കഴിയുമോ?

***ഉത്തരം: ഇല്ല***